**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 430** **21-03-2025 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എം. വിൻസെന്റ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആശ്വാസ കിരണം പദ്ധതിയുടെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | 2024-25 സാമ്പത്തിക വർഷം 50 കോടി രൂപയാണ് ആശ്വാസകിരണം പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ വിവിധ പദ്ധതികൾക്ക് പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതുമായി ബന്ധപ്പെട്ട്, ബജറ്റ് വിഹിതം പുനഃക്രമീകരണം നടത്തിയപ്പോൾ ആശ്വാസകിരണം പദ്ധതിയ്ക്ക് 37.64 കോടി രൂപ ചെലവഴിക്കാനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. |
| (ബി) | പദ്ധതിവിഹിതം വെട്ടിക്കുറച്ച നടപടി പിൻവലിച്ച് അർഹതപ്പെട്ട എല്ലാവർക്കും ധനസഹായം കുടിശിക കൂടാതെ വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ബജറ്റ് വിഹിതം പുനഃക്രമീകരണം നടത്തിയപ്പോൾ ആശ്വാസകിരണം പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് വർഷം അനുവദനീയമായ തുക 37.64 കോടി രൂപയാണ്. അതിൽ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,91,81,611 രൂപ 27962 ഗുണഭോക്താക്കൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 10 കോടി രൂപ ഉപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ,ഇടുക്കി ,വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച ഗുണഭോക്താക്കൾക്ക് 7 മാസത്തെ ധനസഹായവും ബാക്കി 7 ജില്ലകൾക്ക് 8 മാസത്തെ ധനസഹായവും നിശ്ചിത തീയതിക്കുശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവർക്ക് അവർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ 2 മാസം വരെ ധനസഹായവും ഉൾപ്പെടെ ആകെ 28028 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.അവശേഷിക്കുന്ന 17.64 കോടി രൂപ വിനിയോഗിച്ച് ഗുണഭോക്താക്കൾക്ക് അർഹമായ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ